# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 8, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

| **മറുപടി നൽകുന്ന മന്ത്രിമാർ** |
|---|
| **മുഖ്യമന്ത്രി** |
| **ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി** |
| **ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി** |
| **തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി** |

**കേരള പോലീസിന്റെ പ്രവർത്തനം**

*451 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച ക്രമസമാധാനപാലനശേഷിയും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള മികവും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സേവനം ലഭ്യമാക്കുന്നതിനുമുള്ള പ്രാപ്തിയും കൈവരിച്ചതിലൂടെ കേരള പോലീസ് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ ശോഭ കെടുത്തുന്ന വിധത്തിൽ വകുപ്പിലെ ചില ഉദ്യോഗസ്ഥർ നടത്തുന്ന പ്രവർത്തനങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട് സേനയുടെ മികച്ച പ്രവർത്തനങ്ങൾക്ക് കളങ്കം വരുത്തുന്ന തരത്തിലുള്ള പ്രവണത കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ലക്ഷ്യ സർട്ടിഫിക്കേഷൻ**

*452 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളാണ് ദേശീയ ഗുണനിലവാര അംഗീകാരമായ 'ലക്ഷ്യ' സർട്ടിഫിക്കേഷന് അർഹത നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കാണാൻ കഴിയുമോ;

(സി) 'ലക്ഷ്യ' സർട്ടിഫിക്കേഷനുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) 'അമ്മയ്ക്കൊരു കൂട്ട്' എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## നിയമനത്തിനുള്ള വിശേഷാൽ ചട്ടം

*453 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയ നിയമനങ്ങൾ പല സ്ഥാപനങ്ങളിലും നടത്താൻ കഴിയുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിന് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) നിശ്ചിത കാലയളവിനുള്ളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി പി.എസ്.സി.ക്ക് നൽകാൻ അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. ക്ക് വിട്ട നിയമനങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ആർ.സി.സി.യിലെ സൈബർ ആക്രമണം

*454 **ശ്രീമതി കെ. കെ. രമ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വെയറിലടക്കം വിദേശ സൈബർ ആക്രമണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വെയർ, ഇരുപത് ലക്ഷത്തിലേറെ രോഗികളുടെ ആരോഗ്യവിവരങ്ങളടക്കം സൂക്ഷിച്ചിട്ടുള്ള രണ്ട് പ്രധാന സെർവറുകൾ എന്നിവ ഹാക്ക് ചെയ്യപ്പെട്ടു എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;?

**<u>കനത്ത ചൂടിനെ അതിജീവിക്കുന്നതിനുള്ള ക്രമീകരണങ്ങൾ</u>**

*455 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ അതികഠിനമായ ചൂടിനെ അതിജീവിക്കുന്നതിനും ഉഷ്ണതരംഗ സാധ്യതകൾ കണക്കിലെടുത്തും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ അവലോകനയോഗത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തീരുമാനപ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലും മറ്റും എന്തെല്ലാം ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് നിർദേശം നൽകിയതെന്ന് വിശദീകരിക്കാമോ;

(സി) കനത്ത ചൂടിനെ തുടർന്ന് സംസ്ഥാനത്ത് ഇത്തവണയുണ്ടായ കൃഷിനാശത്തിന്റെ തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ നഷ്ടമാണുണ്ടായത് എന്ന് വ്യക്തമാക്കുമോ;

(ഡി) കൃഷിനാശമടക്കമുള്ളവയുടെ നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

**<u>നെൽകർഷകർക്ക് പ്രോത്സാഹന ബോണസ്</u>**

*456 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നെൽകർഷകർക്ക് പ്രോത്സാഹന ബോണസ് നൽകിവരുന്നുണ്ടോ എന്നറിയിക്കുമോ; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന പ്രോത്സാഹന ബോണസ് ആനുപാതികമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ആശുപത്രികളിലെ സോഫ്റ്റ്‌വെയറുകൾ ഹാക്ക് ചെയ്യുന്നത് തടയാൻ നടപടി</u>**

*457 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ സോഫ്റ്റ്‌വെയറുകൾ ഹാക്ക് ചെയ്യുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിൽ റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വെയറിലടക്കം വിദേശ സൈബർ ആക്രമണം നടന്നതായി പറയുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ജയിൽ തടവുകാരുടെ ശിക്ഷായിളവ് വ്യവസ്ഥകളിലെ മാറ്റങ്ങൾ

*458 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ തടവുകാരുടെ ശിക്ഷായിളവ് സംബന്ധിച്ച 2018-ലെ സർക്കാർ ഉത്തരവിൽ രാഷ്ട്രീയ കൊലപാതക കേസുകളിൽ 14 വർഷത്തിൽ താഴെ മാത്രം ശിക്ഷ അനുഭവിച്ച കുറ്റവാളികൾക്ക് ശിക്ഷായിളവ് നൽകുവാൻ സാധിക്കില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച 2022-ലെ ഉത്തരവിൽ പ്രസ്തുത വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ നീക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

## ടേക്ക് എ ബ്രേക്ക് സെന്റർ

*459 **ശ്രീ. എ. രാജ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ടേക്ക് എ ബ്രേക്ക് സെന്ററുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര വീതം ടേക്ക് എ ബ്രേക്ക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ ഓപ്പറേഷൻ ആരെയെല്ലാമാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സെന്ററുകളിലാകെ നാളിതുവരെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അവരുടെ ശരാശരി ദിവസ വേതനം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രവർത്തനം നിലച്ചതോ ആരംഭിക്കാൻ കഴിയാത്തതോ ആയ സെന്ററുകൾ നിലവിലുണ്ടോയെന്നും എങ്കിൽ അവയെ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**<u>ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കാൻ നടപടി</u>**

*460 **ശ്രീ. എച്ച്. സലാം**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിലൂടെ സർക്കാരിന്റെ ദൈനംദിന സേവനങ്ങൾ എല്ലാ പൗരന്മാർക്കും വേഗത്തിൽ അനുഭവവേദ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യം നേടാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത യജ്ഞത്തിന് വാളണ്ടിയർമാരായി നിയോഗിച്ചിട്ടുള്ളത് ആരെയെല്ലാമാണ്; അവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ</u>**

*461 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തോളം കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് ആർദ്രം മിഷനിലെ പ്രധാന പദ്ധതികളിലൊന്നായി കാൻസർ പരിചരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാൻസർ രോഗികളെ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാൻസർ രോഗ സാധ്യത മുൻകൂട്ടി കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാക്കാൻ കഴിയുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കാൻസർ ചികിത്സയും രോഗനിർണയവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് എല്ലാ സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**അങ്കണവാടി കെട്ടിട നിർമ്മാണം**

*462 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള തൊഴിലുറപ്പ് പദ്ധതിയും വനിതാ ശിശു വികസന വകുപ്പും ത്രിതല തദ്ദേശ സംവിധാനങ്ങളും സംയുക്തമായി നടപ്പാക്കുന്ന അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംയുക്ത സംരംഭത്തിന് കീഴിൽ ഇതുവരെ എത്ര അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം പുരോഗമിക്കുന്നവയും എത്ര വീതമെന്ന് അറിയിക്കാമോ;

(സി) അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**കുടുംബശ്രീ ബ്രാൻഡിംഗ് പദ്ധതി**

*463 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കുടുംബശ്രീ ബ്രാൻഡിൽ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ബ്രാൻഡിംഗ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് ഇതുവരെ ബ്രാൻഡിംഗ് നടപ്പാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്താകെയുള്ള കുടുംബശ്രീ സംരംഭങ്ങളുടെ ഒരു ക്ലസ്റ്റർ രൂപീകരിച്ച് ഏകീകൃത ബ്രാൻഡിംഗിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ജയിൽ തടവുകാരുടെ ശിക്ഷ ഇളവ് സംബന്ധിച്ച പുതുക്കിയ മാനദണ്ഡം**

*464 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ തടവുകാർക്ക് ശിക്ഷ ഇളവ് നൽകുന്നതു സംബന്ധിച്ച 2022-ലെ സർക്കാർ ഉത്തരവ് പ്രകാരം രാഷ്ട്രീയ കൊലപാതക കേസുകളിൽ പതിനാല് വർഷത്തിൽ താഴെ മാത്രം ശിക്ഷ അനുഭവിച്ച കുറ്റവാളികൾക്ക് ശിക്ഷ ഇളവ് നൽകാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(ബി) മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) രാഷ്ട്രീയ കൊലപാതക കേസുകളിൽ പതിനാല് വർഷത്തിൽ താഴെ മാത്രം ശിക്ഷ അനുഭവിച്ച കുറ്റവാളികൾക്ക് ശിക്ഷ ഇളവ് നൽകാൻ സാധിക്കില്ല എന്ന വ്യവസ്ഥ 2022-ലെ പുതിയ ഉത്തരവിൽ നിന്നും നീക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

**<u>കുടുംബശ്രീ ഹോം ഷോപ്പ്</u>**

*465 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സംരംഭകരുടെ ഉല്പന്നങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത വിതരണ സംവിധാനം ഒരുക്കുന്നതിന് കുടുംബശ്രീ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കാര്യക്ഷമമായ ഒരു വിതരണ-വിപണന ശൃംഖല സൃഷ്ടിക്കുന്നതിനായി ഉല്പാദകരെയും വിതരണക്കാരെയും ഉപഭോക്താക്കളെയും കോർത്തിണക്കുന്ന ഭരണ നിർവ്വഹണ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങൾ നേരിട്ട് വീടുകളിൽ എത്തിച്ച് വിപണനം നടത്തുന്നതിനുള്ള ഹോം ഷോപ്പ് സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ?

**<u>തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി</u>**

*466 **ശ്രീ ഡി കെ മുരളി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ പ്രാഥമിക പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി രേഖയിൽ ഒന്നാം ഘട്ട പദ്ധതിയുടെ നടത്തിപ്പിനായും പുനരധിവാസത്തിനായും ഏകദേശം എത്ര തുക ചെലവ് വരുമെന്നാണ് പറഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ മേൽപ്പാലങ്ങളിലൂടെയാണോ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം പ്രാഥമിക ഇടപെടലുകളാണ് കേന്ദ്ര സർക്കാരുമായി ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നാലാം നൂറ് ദിന പദ്ധതി

*467 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ നൂറ് ദിന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) നൂറുദിന പരിപാടികളുടെ നടത്തിപ്പ് സംസ്ഥാനത്തിന്റെ സാമൂഹിക-പശ്ചാത്തല-തൊഴിൽ മേഖലകളിലെല്ലാം ഗണ്യമായ ചലനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മൂന്നാം നൂറ് ദിന പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടി സംബന്ധിച്ച് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് നാലാം നൂറ് ദിന പദ്ധതിയ്ക്ക് എന്തെല്ലാം പ്രത്യേകതകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

## കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ

*468 **ഡോ. കെ. ടി. ജലീൽ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ-ഡിസ്ക് പ്രവർത്തനമാരംഭിച്ചത് എന്നാണെന്നും ഇതിലൂടെ എത്ര തൊഴിൽ സംരംഭങ്ങൾ ഇതിനകം സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആഗോള വ്യവസായ മേഖലയിൽ ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി സൃഷ്ടിക്കാനിടയുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് കെ-ഡിസ്കിലൂടെ നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ജയിൽ അന്തേവാസികളുടെ ഉന്നമനം</u>**

*469 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും അന്തേവാസികളുടെ ഉന്നമനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജയിലുകളിലെ അന്തേവാസികൾക്കായി ഈ സർക്കാർ നടത്തിവരുന്ന വിവിധങ്ങളായ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ അന്തേവാസികളുടെ ഉന്നമനത്തിനായി വകുപ്പ് മുഖേന നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ഓരോ പദ്ധതിയിലൂടെയും എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സംവിധാനം പരിഷ്കരിക്കാൻ നടപടി</u>**

*470 **ശ്രീ ആന്റണി രാജു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ലബോറട്ടറി സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക തലങ്ങളിലെ ആശുപത്രികളിൽ വേണ്ടത്ര സൗകര്യമില്ലാത്തതും ടെക്നീഷ്യൻമാരുടെ കുറവും മൂലം പാവപ്പെട്ട രോഗികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ ലാബുകളെപ്പോലെ സാമ്പിൾ ശേഖരിച്ച് കൂടുതൽ സൗകര്യമുള്ള ലാബുകളിൽ എത്തിച്ച് പരിശോധിക്കുന്ന സംവിധാനം സർക്കാർ ആശുപത്രികളിലെ ലാബുകളിലും ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിലെ ലാബ് സംവിധാനം പരിഷ്കരിക്കുവാൻ പുതിയ പദ്ധതി അവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ രൂപരേഖ</u>**

*471 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**

**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിന് നിയോഗിച്ചത് ഏത് ഏജൻസിയെയാണ്; പ്രസ്തുത ഏജൻസി ഇതു സംബന്ധിച്ച പ്രാഥമിക പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒന്നാംഘട്ട നിർമ്മാണത്തിനും നിർമ്മാണ പുനരധിവാസ പദ്ധതിയ്ക്കുമായി എത്ര രൂപ ചെലവുവരുമെന്നാണ് പ്രാഥമിക നിഗമനം; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തിയാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) രണ്ടാംഘട്ട പദ്ധതി സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രത്യേകമായ എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

## തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയെക്കുറിച്ച് ആൾട്ടർനേറ്റീവ് ട്രാൻസ്പോർട്ട് അനാലിസിസ് പഠനം

*472 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ് നടത്തിയ ആൾട്ടർനേറ്റീവ് ട്രാൻസ്പോർട്ട് അനാലിസിസ് പഠനത്തിൽ കൊച്ചി മെട്രോ മാതൃകയിലുള്ള മീഡിയം മെട്രോ റെയിൽ പദ്ധതിയാണ് തിരുവനന്തപുരത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം മെട്രോറെയിൽ പദ്ധതിയുടെ പ്രാഥമിക പദ്ധതി രേഖ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) തലസ്ഥാനത്തെ മെട്രോറെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പിന്തുണ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി സാക്ഷാത്കരിക്കാനുള്ള ശക്തമായ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

## ഗുണമേന്മ കുറഞ്ഞ ശർക്കര കൊണ്ടുവരുന്നത് തടയാൻ നടപടി

*473 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും ഗുണമേന്മ കുറഞ്ഞ ശർക്കര സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്നത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തുണ്ടായ ഭൂചലനം</u>

*474 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ നേരിയ ഭൂചലനം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഭൂചലനത്തെ തുടർന്ന് ജനങ്ങൾക്കിടയിലുണ്ടായ ആശങ്ക അകറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി</u>

*475 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും കിലയുടെയും സാങ്കേതിക സഹായത്തോടെ ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുൻഗണന അനുസരിച്ച് പ്രസ്തുത രേഖകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കാലാവസ്ഥാ ഘടകങ്ങളായ വാർഷിക വർഷപാതം, ദൈനംദിന മഴയുടെ തീവ്രത, താപനില എന്നിവയുടെ ചരിത്രപരമായ മാറ്റങ്ങളും അവയുടെ ഭാവിഗതിയും വിശകലനം ചെയ്ത് കർമ്മപദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം

*476 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടാകുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ പോലീസിന് കഴിയുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവരശേഖരണത്തിൽ വീഴ്ച വരുത്തുന്ന സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സ്ഥിരമായി സംഘർഷങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളെയും ഗുണ്ടാ സംഘങ്ങളെയും നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നിർദേശം നൽകുമോ; വിശദമാക്കുമോ?

## ലോക കേരളസഭ

*477 **ശ്രീ എം നൗഷാദ്**
**ശ്രീമതി ദെലീമ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സംഭാവന നൽകുന്ന പ്രവാസികൾക്ക് സംസ്ഥാന ഭരണ നിർവ്വഹണത്തിൽ യാതൊരു ഇടപെടലും ഉണ്ടായിരുന്നില്ല എന്ന പരാതി ലോക കേരളസഭയിലൂടെ പരിഹാരമായെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിന് സഹായകമായ നിർദ്ദേശങ്ങൾ ലോക കേരള സഭയിലൂടെ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മൂന്നാം ലോക കേരള സഭയിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഇതിനകം സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) നാലാം ലോക കേരള സഭയിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളിൽ/ആവശ്യങ്ങളിൽ എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ജനിതക വൈകല്യരോഗങ്ങൾ

*478 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷക്കാലത്തിൽ അപൂർവ്വ ജനിതക വൈകല്യരോഗങ്ങളായ സ്പൈനൽ മസ്കുലാർ അട്രോഫി, തലാസീമിയ, സിക്കിൾസെൽ അനീമിയ എന്നിവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>**വർക്ക് നിയർ ഹോം**</u>

*479 **ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസം നേടിയവരും തൊഴിൽരഹിതരുമായ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങളൊരുക്കുവാൻ പര്യാപ്തമായ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വർക്ക് നിയർ ഹോം സംവിധാനം കോവിഡിന് ശേഷവും പുതിയൊരു തൊഴിൽ സംസ്കാരമായി ഉയർന്ന് വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശയം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) വർക്ക് നിയർ ഹോം സെന്ററുകൾ, നൈപുണ്യ പരിശീലനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാവണം വാർഷിക പദ്ധതികളെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അഭ്യസ്തവിദ്യരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രോത്സാഹനം നടത്തുവാനും ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ തൊഴിൽ കൗൺസലിംഗിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**പോസ്റ്റ്മോർട്ടം നടത്തുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**</u>

*480 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ വി ജോയി**
**ശ്രീ. ആന്റണി ജോൺ**

**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടപടികളിലെ കാലതാമസവും സങ്കീർണതകളും ഒഴിവാക്കുന്നതിനും നിയമനടപടികൾ പൂർത്തിയായാലുടൻ പോസ്റ്റ്മോർട്ടം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് നിലവിൽ പോസ്റ്റ്മോർട്ടം നടത്തി വരുന്നത്; പ്രസ്തുത ആശുപത്രികളിലെല്ലാം പോലീസ് സർജന്റെ സേവനം ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പോസ്റ്റ്മോർട്ടം നടന്നു വരുന്ന എല്ലാ മോർച്ചറികളും നവീകരിക്കുന്നതിനും അവിടങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകുമോ;

(ഡി) മോർച്ചറിയും പരിസരപ്രദേശവും വൃത്തിയായി പരിപാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 29, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].